150 YEARS OF CELEBRATING THE MAHATMA

**'ഭരണഭാഷ-മാതൃഭാഷ'**

ജില്ലാ വ്യവസായ കേന്ദ്രം
ആശ്രാമം, കൊല്ലം
ടെലിഫോൺ നം : 0474-2748395
Email:dickollam@gmail.com

തീയതി:**30/11/2020**

ജനറൽ മാനേജർ

സെക്രട്ടറി
കൊല്ലം കോർപ്പറേഷൻ

സർ,

വിഷയം: വ്യവസായം- വ്യവസായ എസ്റ്റേറ്റ് ഭൂമിയിലെ സംരംഭങ്ങളിൽ നിന്ന് വസ്തു നികുതി, തൊഴിൽ നികുതി, വ്യാവസായിക ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നത്- സംബന്ധിച്ച്.

സൂചന: 1) കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ റവന്യൂ ഓഫീസറുടെ 19.10.2020-ലെ കത്ത്.

2) കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 06-09-2019-ലെ R1-35532/19 നമ്പർ കത്ത്.

മേൽ സൂചനകൾ ശ്രദ്ധിച്ചാലും. സൂചന(1) പ്രകാരം കൊല്ലം കോർപ്പറേഷനിൽ നിന്നു വ്യവസായ എസ്റ്റേറ്റ് ഭൂമിയിലെ സംരംഭങ്ങളിൽ നിന്നും വസ്തു നികുതി, തൊഴിൽ നികുതി, വ്യാവസായിക ലൈസൻസ് ഫീസ് എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്നത് സംബന്ധിച്ച് വ്യക്തത ആരാഞ്ഞതിൽ ജില്ലയിലെ (പൊതുവായി സംസ്ഥാനത്തെയും) വ്യവസായ വാണിജ്യ വകുപ്പിന്റെയും KINFRA, KSIDC, SIDCO തുടങ്ങിയ ബന്ധപ്പെട്ട ഏജൻസികളുടെയും അധീനതയിലുള്ള വ്യവസായ പ്ലോട്ടുകൾ/പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് കെട്ടിട നികുതി, തൊഴിൽ നികുതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പ്രവർത്തന ലൈസൻസ് എന്നിവ നിഷ്കർഷിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ പെടുന്നതല്ല എന്നറിയിക്കുന്നു. ആയതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനം, കേന്ദ്രഭരണ പ്രദേശം, നഗരസഭ, പഞ്ചായത്ത് തുടങ്ങിയ ഭരണ സംവിധാനങ്ങൾ ഇന്ത്യൻ ഭരണ ഘടനയിൽ പ്രത്യേകം വിവക്ഷിച്ചിക്കുന്നതുകൊണ്ടാണ് ആയവക്ക് വിവിധ അധികാരങ്ങൾ ലഭ്യമാകുന്നത്. ആയതു പ്രകാരം ഓരോ ഭരണ സംവിധാനത്തിനും അവരവരുടെ പ്രവിശ്യ പ്രദേശത്തു മാത്രമാണ് അധികാരമുള്ളത്. അത് പോലെത്തന്നെയാണ് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243Q പ്രകാരം വ്യവസായ പ്രദേശത്തെ നിർവചിച്ചിരിക്കുന്നത്.

വ്യവസായങ്ങളുടെ സ്ഥാപനത്തിനും വളർച്ചയ്ക്കും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള പ്രദേശങ്ങളെ ബഹു.ഗവർണറുടെ ഉത്തരവ് പ്രകാരമാണ് വ്യവസായ പ്രദേശമായി പ്രഖ്യാപിക്കുന്നത്.

2. കേരള വ്യവസായ ഏകജാലക അനുമതി ബോർഡ് & വ്യവസായ ഏരിയ ഡവലപ്മെന്റ് ആക്ട്-1999, സെക്ഷൻ 14 സബ് സെക്ഷൻ (1),(2),(3),(4) എന്നിവ പ്രകാരം വ്യവസായ ഏരിയയുടെ സ്ഥാപനവും അധികാരച്ചുമതലയും നികുതി പിരിവുകളും സംബന്ധിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ആയതു ചുവടെ ചേർക്കും പ്രകാരമാണ്.

<u>Section 14 – Establishment of Industrial Township</u>

1. The Governor may, having regard to the size of an Industrial Area and the municipal services being provided or proposed to be provided by an agency in that area and such other factors as he may deem fit, by public notification under the proviso to clause (1) of article 243 Q of the Constitution of India, specify that area to be an Industrial Township Area.

   Explanation. – In this section the expression an industrial area means an area benefited by an industrial area.

2. Upon any area being specified an industrial township in the manner stated in sub-section (1), such area, if included in a Panchayat constituted under the Kerala Panchayat Raj Act, 1994 (13 of 1994) or, as the case may be, in a municipality constituted under the Kerala Municipality Act, 1994 (20 of 1994), shall, with effect from the date of such notification be deemed to be excluded from such Panchayat or Municipality, as the case may be.
3. The authority shall have all the powers of a Municipality in an industrial township area.
4. The Industrial Township Authority shall have the power to collect the taxes and fees and to realize the fine that can be collected or realized under the Kerala Municipality Act, 1994 (20 of 1994) from the area within the jurisdiction of the Industrial Township Area.

ബഹു ഗവർണർ വിജ്ഞാപനം ചെയ്തിട്ടുള്ള വ്യവസായ എസ്റ്റേറ്റുകൾ മുനിസിപ്പാലിറ്റി,പഞ്ചായത്ത് പ്രദേശങ്ങളിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ളതായി സെക്ഷൻ 14(2) വ്യകതമാക്കുന്നു. കൂടാതെ ആയതിൽ നികുതികൾ ഈടാക്കുവാനുള്ള അവകാശം The Industrial Township Authority ക്കാണ് എന്നു സെക്ഷൻ 14(4) വ്യക്തമാക്കുന്നു.

കൂടാതെ ടി ആക്ട് സെക്ഷൻ-6 പ്രകാരം വ്യവസായ പ്രദേശത്ത് സംരംഭം ആരംഭിക്കുവാനുള്ള നിർമാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യാതൊരുവിധ മുൻകൂർ അനുമതിയും ആവശ്യമില്ലാത്തതാകുന്നു .

3. കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ (2) (Definitions) പ്രകാരം നഗരസഭ/കോർപ്പറേഷൻ എന്നത് വിവക്ഷിച്ചിരിക്കുന്നത് ബഹു: ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 243(Q) പ്രകാരം രൂപീകരിച്ച സ്ഥാപനം എന്ന രീതിയിലാണ്.

ആർട്ടിക്കിൾ 243(Q) പ്രകാരം Municipal Corporation/Municipality എന്നത് വിവക്ഷിച്ചിരിക്കുന്നത് ഗവർണർ വിജ്ഞാപനം ചെയ്ത വ്യവസായ പ്രദേശം, മറ്റ് സമാനപ്രദേശങ്ങൾ എന്നിവ ഒഴികെയുള്ള നഗര പ്രദേശങ്ങൾ എന്നാണ്.

4. കേരള പഞ്ചായത്ത് രാജ് ആക്ട്-1994 ചാപ്റ്റർ-1 സെക്ഷൻ 1 സബ് സെക്ഷൻ(2)പ്രകാരം

നഗരപ്രദേശങ്ങളും നഗരസഭകളും വ്യവസായ പ്രദേശങ്ങളും ഒഴികെയുള്ള പ്രദേശങ്ങളിൽ മാത്രമാണ് ആയതു ബാധകമായിട്ടുള്ളത്.2014 ലെ ഭേദഗതി പ്രകാരം വ്യവസായ പ്രദേശമെന്നാൽ ഭരണഘടനയുടെ ആർട്ടിക്കിൾ 243Q പ്രകാരമുള്ളതും കേരള വ്യവസായ ഏകജാലക അനുമതി ബോർഡ് & വ്യവസായ ഏരിയ ഡവലപ്മെന്റ് ആക്ട്-1999 പ്രകാരമുള്ളതുമാണെന്ന് വിശദമാക്കിയിട്ടുണ്ട്.

5. സമാന വിഷയത്തിലുള്ള ബഹു കേരള ഹൈക്കോടതിയിലെ പെപ്സികോ Vs പുതുശ്ശേരി പഞ്ചായത്ത് WP(C) 7829/2012 നമ്പർ കേസിൽ 25.10.2017ലെ വിധിപ്രസ്താവത്തിൽ വ്യവസായ പ്രദേശം എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽപെടാത്ത മേഖല ആണെന്നും ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു യാതൊരുവിധ അധികാരം ഇല്ലായെന്നു വിധിച്ചിട്ടുമുണ്ട്.

6. ചുരുക്കത്തിൽ ബഹു ഗവർണർ ഉത്തരവ് പ്രകാരം വ്യവസായ ഏരിയ ആയി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശം പഞ്ചായത്ത്/നഗരസഭ/ കോർപ്പറേഷൻ എന്നീ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിക്കു പുറത്താണ് എന്ന് വ്യക്തമാണ്. ആയതിനാൽ അപ്രകാരമുള്ള പ്രദേശങ്ങളിൽ നിന്ന് നികുതി ഈടാക്കുന്നത് ഒരു തദ്ദേശ ഭരണ സ്ഥാപനം സമീപത്തുള്ള മറ്റു തദ്ദേശ ഭരണ പ്രദേശങ്ങളിൽ നിന്ന് നികുതി പിരിക്കുന്നതു പോലെ ഭരണഘടനാ വിരുദ്ധമാണ്. വ്യവസായ പ്രദേശത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യാതൊരുവിധ നിയന്ത്രണ അധികാരങ്ങളും ഇല്ലാത്തതാകുന്നു.

7. വ്യവസായ പ്രദേശത്ത് ബാധകമായ സർക്കാർ ഉത്തരവിന് വിധേയമായി സ്ഥലത്തിന്റെ വില ഈടാക്കി സ്ഥലം അനുവദിക്കുന്നതും കെട്ടിട നിർമ്മാണ അനുമതി നൽകുന്നതും കെട്ടിട നമ്പർ അനുവദിക്കുന്നതും വ്യവസായ എസ്റ്റേറ്റിലെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകുന്നതും ഭൂമി അനുവദിച്ച നിയമങ്ങൾക്കും കേരള വ്യവസായ ഏകജാലക അനുമതി ബോർഡ് & വ്യവസായ ഏരിയ ഡവലപ്മെന്റ് ആക്ട്-1999 നും വിധേയമായി ബന്ധപ്പെട്ട Authority ആയ വ്യവസായ വകുപ്പോ വകുപ്പിന് കീഴിലെ, District Industries Centre, KINFRA, KSIDC, SIDCO തുടങ്ങിയ സ്ഥാപനങ്ങളോ ആണ്.

മേൽ വിവരങ്ങൾ പരിഗണിച്ചു കൊല്ലം കോർപ്പറേഷൻ മുണ്ടക്കൽ വ്യവസായ എസ്റ്റേറ്റിലെ സംരംഭങ്ങൾക്ക് ലൈസൻസ് നേടുന്നതിൽ നിന്നും വിവിധ നികുതികൾ ഒടുക്കുന്നതിൽ നിന്നും സൂചന(2) പ്രകാരം ഒഴിവാക്കിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ വ്യവസായ എസ്റ്റേറ്റിലെ സംരംഭങ്ങളുടെ സുഗമമായ പ്രവർത്തനത്തിന്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അനാവശ്യ നിയന്ത്രണങ്ങളും ഇടപെടലുകളും ഒഴിവാക്കി സംരംഭ സൗഹൃദമായ നടപടികൾ തുടർന്നും സ്വീകരിക്കണമെന്ന് താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ ,

Signature valid

Digitally signed by Helen Jerome
Date: 2020.11.30 15:06:58 IST
Reason: Approved

GENERAL MANAGER